(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിക്ക് ഓഹരി മൂലധനമായി 52 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ പങ്കാളിത്തമായി ഒരു കോടി രൂപ വകയിരുത്തുന്ന കാര്യവും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഗൾഫിലെ സ്വദേശിവൽക്കരണംമൂലം തിരികെയത്തുന്നവർക്ക് ഇറാഖിൽ തൊഴിലവസരങ്ങൾ നേടിക്കൊടുക്കാൻ നടപടി

151 (1462) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ പേരിൽ എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ട് ;

(ബി) ഇതിൽ അവിദഗ്ദ്ധ തൊഴിലാളികൾ എത്ര പേർ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവർക്ക് യുദ്ധാനന്തര ഇറാഖിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ നേടിക്കൊടുക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ പേരിൽ മലയാളികൾ തിരിച്ചെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

ഗൾഫിലെ ഇൻഡ്യൻ എംബസികളിലെ മലയാളി ജീവനക്കാർ

152 (1463) ശ്രീ. എ. സുജനപാൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളിൽ എത്ര മലയാളി ഉദ്യോഗസ്ഥൻമാരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly